## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5315 05-07-2012-ൽ മറുപടിയ്ക്ക്**

## പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് സർക്കാർ ബജറ്റിൽ നീക്കി വച്ച തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടനെ അനുവദിക്കുമോ ; സർക്കാർ സഹായം ലഭിക്കാതെ സ്റ്റേഡിയം പണി സ്തംഭിക്കുന്ന സാഹചര്യമുണ്ടോ ; പണി പൂർത്തിയാക്കാൻ സഹായം ലഭ്യമാക്കുമോ | എ) ഇതിനായി നടപ്പ് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഫണ്ടിന്റെ അഭാവത്തിൽ പണി തടസ്സപ്പെട്ടിട്ടുണ്ട്. പണി പൂർത്തിയാക്കാൻ ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) സ്റ്റേഡിയം നിർമ്മാണത്തിന് കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സാമ്പത്തിക സഹായം വാഗ്ദാനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുകയാണ് വാഗ്ദാനം ചെയ്തത് ; പ്രസ്തുത തുക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക നൽകാൻ നിർദ്ദേശം നൽകുമോ ? | ബി). ഉണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2009-10 -ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ